നം:ICDS.A1-2553/13

സാമൂഹ്യനീതി ഡയറക്ടറേറ്റ്(അനക്സ്)
സാമൂഹ്യക്ഷേമ ഭവൻ, പൂജപ്പുര,
തിരുവനന്തപുരം. തീയതി 7.8.2013.

## സർക്കുലർ

വിഷയം :- സാമൂഹ്യനീതി വകുപ്പ് - ഐസിഡിഎസ് - അംഗൻവാടി പ്രവർത്തകർ ഡ്യൂട്ടി സമയങ്ങളിൽ നിർബന്ധമായും യൂണിഫോം ധരിക്കുന്നതിനുള്ള നിർദ്ദേശം - സംബന്ധിച്ച്.

സൂചന :-

സാമൂഹ്യനീതി വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന എല്ലാ അംഗൻവാടി പ്രവർത്തകരും ഡ്യൂട്ടി സമയത്ത് യൂണിഫോം ധരിക്കുന്നതിനാണ് കേന്ദ്ര സർക്കാർ പ്രത്യേകമായി തുക വകയിരുത്തിയിട്ടുള്ളത്. ആയതിൻപ്രകാരം ഈ കാര്യാലയത്തിൽ നിന്നും എല്ലാ വർഷവും യൂണിഫോം സാരി വാങ്ങി അംഗൻവാടി പ്രവർത്തകർക്ക് നൽകി വരുന്നുണ്ട്. എന്നാൽ ചില അംഗൻവാടി പ്രവർത്തകർ യൂണിഫോം ഉപയോഗിക്കാതെ ഡ്യൂട്ടി സമയത്ത് ഹാജരാകുന്നതായും മീറ്റിംഗുകളിൽ യൂണിഫോം ധരിക്കാതിരിക്കുന്നതായും കാര്യാലയ മേധാവിമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സർക്കാർ വിതരണം നടത്തുന്ന യൂണിഫോം വാങ്ങുകയും ആയത് ഡ്യൂട്ടി സമയത്ത് ധരിക്കാതിരിക്കുകയും ചെയ്യുന്നത് ഔദ്യോഗിക കൃത്യ വിലോപമായി കാണുന്നു. അംഗൻവാടി പ്രവർത്തകർക്ക് നിലവിൽ യൂണിഫോമായി നൽകിയിട്ടുള്ളത് സാരിയാണ്. പ്രോജക്ട് തല മീറ്റിംഗുകൾ ഉൾപ്പെടെ മറ്റെല്ലാ മീറ്റിംഗുകളും ഡ്യൂട്ടിയുടെ ഭാഗമായാണ് നടത്തുന്നത്. ആയതിനാൽ മീറ്റിംഗുകളിലും സർക്കാർ നൽകുന്ന യൂണിഫോം നിർബന്ധമായും എല്ലാ അംഗൻവാടി പ്രവർത്തകരും ധരിക്കേണ്ടതാണ്. ടി നിർദ്ദേശം പാലിക്കാത്ത പ്രവർത്തകർക്കെതിരെ ആവശ്യമായ നടപടി പ്രോഗ്രാം ഓഫീസർമാർ സ്വീകരിക്കുകയും ടി കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യുന്നതിനും നിർദ്ദേശിക്കുന്നു.

സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ സിഡിപിഒ മാർക്കും

പകർപ്പ്
പ്രോഗ്രാം ഓഫീസർ I&II, ഡയറക്ടറേറ്റ്
സ്റ്റോക്ക് ഫയൽ/സ്പെയർ

വെബ് സൈറ്റ്
S 16-Aug-13